പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3566 — 25.06.2013-ൽ മറുപടിയ്ക്ക്

## കെ. എസ്. ഇ. ബി.യുടെ കമ്പനിവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കെ. എസ്. ഇ. ബി. യുടെ കമ്പനിവത്ക്കരണത്തിനു ശേഷവും നിയമനങ്ങളും മറ്റും നിലവിലുള്ള മാനദണ്ഡം തന്നെയാവുമോ പിൻതുടരുക ; | (എ) | കെ. എസ്. ഇ. ബി. യുടെ പുന:സംഘടനയ്ക്കു ശേഷവും ഉദ്യോഗസ്ഥരുടെ നിയമനങ്ങൾക്ക് നിലവിലുള്ള രീതികളും മാനദണ്ഡങ്ങളും തന്നെ തുടരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) | കമ്പനിവത്ക്കരണത്തിനു ശേഷവും എസ്. സി/എസ്. റ്റി സംവരണം പുതുതായി രൂപീകരിക്കുന്ന കമ്പനികളിലും ഉറപ്പു വരുത്തുമോ ; | (ബി) & (സി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ അതാതു കാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായിട്ടായിരിക്കും ഇതു സംബന്ധിച്ച തീരുമാനമെടുക്കുക. |
| (സി) | വൈദ്യുതി ബോർഡിന്റെ കമ്പനിവത്ക്കരണത്തിനു ശേഷം ഇന്നത്തെപ്പോലെ ഭരണനിർവഹണത്തിന് ബോർഡിൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള അംഗത്തിനായി സംവരണം ഉറപ്പുവരുത്തിയിട്ടുണ്ടോ ; | | |
| (ഡി) | കമ്പനിവത്ക്കരണത്തിനു ശേഷം വൈദ്യുതി ചാർജ്ജ് നിശ്ചയിക്കുവാൻ റഗുലേറ്ററി കമ്മീഷന് അധികാരം ഉണ്ടാവുമോയെന്നും വെളിപ്പെടുത്തുമോ ? | (ഡി) | വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നതിന് 2003-ലെ വൈദ്യുതി നിയമപ്രകാരം റഗുലേറ്ററി കമ്മീഷനുകൾക്കാണ് അധികാരം നൽകിയിട്ടുള്ളത്. കമ്പനിവൽക്കരണം റെഗുലേറ്ററി കമ്മീഷന്റെ ഈ അധികാരത്തെ യാതൊരു തരത്തിലും ബാധിക്കില്ല. |

സെക്ഷൻ ഓഫീസർ.